# അസോസിയേഷൻ ഓഫ് കേരള ഗവ.കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി)

- ഗവ. കോളേജദ്ധ്യാപകരുടെ പ്ലെയിസ്മെന്റുകൾ ഉടൻ അനുവദിക്കുക
- യുജിസിയുടെ ഏഴാം ശമ്പളപരിഷ്കരണം ഉടൻ നടപ്പിലാക്കുക
- ഉന്നത വിദ്യാഭ്യാസത്തിനുള്ള കേന്ദ്രവിഹിതം 100 ശതമാനമായി വർദ്ധിപ്പിക്കുക
- സംസ്ഥാനങ്ങളുടെ അക്കാദമിക സ്വാതന്ത്ര്യം അംഗീകരിക്കുക

# ഉപവാസ സമരം

**2019 ജനുവരി 05, ശനിയാഴ്ച**

സുഹൃത്തേ,

കേരളത്തിലെ സർക്കാർ കോളേജദ്ധ്യാപകർക്ക് ആറാം യു.ജി.സി ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി 2010 മുതൽ കിട്ടേണ്ടിയിരുന്ന പ്ലെയ്മെന്റുകൾ ഇപ്പോഴും ലഭിക്കാത്ത സാഹചര്യമാണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. നിയമ തടസ്സങ്ങൾ ഒന്നും ഇല്ലാതിരുന്ന 2016 ഫെബ്രുവരി വരെയുള്ള കാലയളവിൽ ആനുകൂല്യങ്ങൾ അനുവദിക്കാതിരുന്നപ്പോൾ അന്നത്തെ സർക്കാരിനെതിരെ നിരവധി സമരങ്ങൾ എ.കെ.ജി.സി.ടി നടത്തിയിരുന്നു. 2015 സെപ്റ്റംബർ 16,17, 18 തീയ്യതികളിൽ നടന്ന രാപകൽ സമരത്തിനുശേഷം അശാസ്ത്രീയമായ എ.പി.ഐ നിർദ്ദേശങ്ങൾ ഭേദഗതികൾ വരുത്തി പ്ലെയ്സ്മെന്റ് അനുവദിക്കാമെന്ന വാഗ്ദാനം യു.ഡി.എഫ് സർക്കാർ നടപ്പാക്കിയില്ല. തുടർന്ന് 2016 ഫെബ്രുവരി 23ന് വന്ന ഹൈക്കോടതി വിധിയോടെ ഇളവുകളോടെ പ്ലെയ്സ്മെന്റ് നൽകാൻ നിയമതടസ്സം വന്നുചേർന്നു. 2016 മേയിൽ ഇടതുമുന്നണി സർക്കാർ അധികാരത്തിൽവന്നശേഷം ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിക്കുകയും 2017 ജനുവരിയിൽ കേസ് പ്രാഥമിക വാദം കേട്ട് മാറ്റിവയ്ക്കുകയും ചെയ്തു. ഏല്ലാവർക്കും പ്ലേയ്സ്മെന്റ് എന്ന സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യത്തിനു വേണ്ടി ശക്തമായ നിലപാടുമായി നമ്മൾ മുന്നോട്ടുപോയെങ്കിലും ഹൈക്കോടതി വിധിനിലനിൽക്കുന്നതിനാൽ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല.

2018 ജൂലായ് 17 ന് സുപ്രീം കോടതി ഈ കേസ്സിൽ വിധിപ്രഖ്യാപിച്ചു. 2016 ഫെബ്രുവരി 23 വരെ കേരളത്തിൽ എ.പി.ഐ വ്യവസ്ഥകളിൽ ഇളവുനൽകിക്കൊണ്ട് നടത്തിയ നിയമനങ്ങളും പ്രൊമോഷനുകളും സാധുവാണെന്നും ആയവ പുന:പരിശോധിക്കേണ്ടതില്ലെന്നുമായിരുന്നു വിധി. കൂടാതെ 2018 ജൂലൈ 18 ന് പുറത്തുവന്ന യു.ജി.സി യുടെ ഏഴാം ശമ്പളപരിഷ്കരണത്തിനോടനുബന്ധിച്ച്

റെഗുലേഷൻ, ആറാം ശമ്പളപരിഷ്കരണത്തിന്റെ ബാക്കിയുള്ള പ്ലെയ്സ്മെന്റുകൾ എ.പി.ഐ ആവശ്യകതയിൽ ഇളവ് നൽകിക്കൊണ്ട് അനുവദിക്കണമെന്ന് വ്യക്തമാക്കുകയും ചെയ്തു. പ്ലെയ്സ്മെന്റുമായി ബന്ധപ്പെട്ട് എ.കെ.ജി.സി.ടി ആദ്യം മുതൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളും ഉന്നയിച്ച ആവശ്യങ്ങളും ശരിയായിരുന്നു എന്ന് വ്യക്തമാക്കുന്നവയാണ് ഈ വസ്തുതകൾ. ഏതായാലും പ്ലെയ്സ്മെന്റുകൾ അനുവദിക്കുന്നതിൽ നിലനിന്നിരുന്ന എല്ലാ തടസ്സങ്ങളും 2018 ജൂലൈ മാസത്തോടെ നീങ്ങിയിരിക്കുന്നു. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടവിഷയങ്ങൾക്ക് മുൻഗണന നൽകേണ്ടിവന്നതിനാൽ, ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്താതെ മാസങ്ങളോളം പിന്നെയും നമ്മൾ കാത്തിരുന്നു. എന്നാൽ മറ്റുപല സംസ്ഥാനങ്ങളിലും യു.ജി.സിയുടെ ഏഴാം ശമ്പളപരിഷ്കരണം കൂടി നടപ്പിലാക്കിയ സാഹചര്യത്തിൽ പ്ലെയ്സ്മെന്റുകൾക്കായി ഇനിയും കാത്തിരിക്കാൻ നമുക്ക് കഴിയില്ല. കോളേജദ്ധ്യാപകരുടെ സാമ്പത്തികാനുകൂല്യത്തിന്റെ മാത്രം പ്രശ്നമല്ലിത്.ആറാം ശമ്പളപരിഷ്കരണത്തിന്റെ നടപ്പിലാക്കൽ പൂർത്തിയാക്കാതെ ഏഴാം പരിഷ്കരണം നടപ്പിലാക്കാൻ കഴിയില്ല. അങ്ങിനെ വന്നാൽ സംസ്ഥാനം യു.ജി.സിയുടെ പരിഗണനയിൽ നിന്നും പുറത്തുപോകുകയും ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരമുയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള സാമ്പത്തിക സഹായങ്ങൾ സംസ്ഥാനത്തിന് നഷ്ടപ്പെടുകയും ചെയ്യും. ഉന്നത വിദ്യാഭ്യാസ പുരോഗതിക്കുതന്നെ തിരിച്ചടിയാകുന്ന ഈ ഗുരുതര സാഹചര്യം സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

അതിനാൽ സർക്കാർ കോളേജദ്ധ്യാപകരുടെ മുടങ്ങിക്കിടന്ന പ്ലെയ്സ്മെന്റുകൾ ഉടൻ അനുവദിക്കുക,യു.ജി.സി യുടെ ഏഴാം ശമ്പളപരിഷ്കരണം ഉടൻ നടപ്പിലാക്കുക, ഉന്നതവിദ്യാഭ്യാസത്തിനുള്ള കേന്ദ്രവിഹിതം 100 ശതമാനമായി വർദ്ധിപ്പിക്കുക, സംസ്ഥാനങ്ങളുടെ അക്കാദമിക സ്വാതന്ത്ര്യം അംഗീകരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എ.കെ.ജി.സി.ടി സെക്രട്ടറിയേറ്റിനു മുന്നിൽ ഏകദിന ഉപവാസ സമരം നടത്തുകയാണ്. 2019 ജനുവരി 05 ശനിയാഴ്ച രാവിലെ 10 മണിക്ക് മുൻ എം.പി ശ്രീ. കെ.എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്ന ഉപവാസ സമരത്തിൽ എല്ലാ ഗവ. കോളേജദ്ധ്യാപകരുടെയും പങ്കാളിത്തവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,

**ഡോ.എൻ. മനോജ്**
പ്രസിഡന്റ്

**ഡോ.കെ.കെ.ദാമോദരൻ**
ജനറൽ സെക്രട്ടറി